DESPATCHED On...01/3/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം

ഹർജി നമ്പർ എ.പി. 1638(3)/2020/എസ്.ഐ.സി.

ഉത്തരവ് തീയതി : 19.01.2021

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ഡോ. തേമ്പാംമൂട് സഹദേവൻ, കൺവീനർ,
ഹ്യൂമൺ റയിറ്റ്സ് പ്രോട്ടക്ഷൻ ഫോറം,
വെഞ്ഞാറമൂട്. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് കാര്യാലയം,
പുല്ലമ്പാറ പി.ഒ, വെഞ്ഞാറമൂട്, തിരുവനന്തപുരം – 695 607.

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ – 695043. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 30.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 23.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 25.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.09.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 10.11.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 09.11.2020 |

## ഉത്തരവ്

19.01.2021 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ ഫോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. ALFAS മീഡിയയിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നടത്തിയ അഭിമുഖത്തിൽ ശ്രീ.തേമ്പാമൂട് സഹദേവൻ ഡി.ഡി.പി യ്ക്ക് നൽകിയ പരാതി



RIGHT TO INFORMAT

ഇ-മെയിലിൽ വന്നിട്ടുണ്ടെന്നും, തേമ്പാമൂട്ടിൽ ക്വാറി പ്രവർത്തനം നടത്തുന്ന തിനെതിരായി ടിയാൻ ഡി.ഡി.പി യ്ക്ക് പരാതി നൽകിയതായും, ക്വാറി പ്രവർത്ത നവുമായി ബന്ധപ്പെട്ട് എത്ര വന്യ ജീവികൾക്ക് വംശനാശം സംഭവിച്ചിട്ടുണ്ടെന്ന വിവരം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.തേമ്പാമൂട് സഹദേവൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് തുടങ്ങി ടിയാന് മാനഹാനി സംഭവിക്കുന്ന പല ആരോപണങ്ങളും ടി പഞ്ചായത്ത് പ്രസിഡന്റ് നടത്തിയതിന് അടിസ്ഥാനമായ രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.തേമ്പാമൂട് സഹദേവൻ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ) സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി ഉചിതമായിട്ടുള്ളതായിരുന്നില്ലെന്ന് കാണിച്ച് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും എസ്.പി.ഐ.ഒ യുടെ മറുപടി അംഗീകരിച്ചു കൊണ്ട് അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തത് എന്നതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചില്ലെന്ന ആക്ഷേപം ഉന്നയിച്ചുകൊണ്ടാണ് വിവരാവ കാശ അപേക്ഷകനായ ശ്രീ.തേമ്പാമൂട് സഹദേവൻ ഈ അപ്പീൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

3. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി 1994 ലെ പഞ്ചായത്ത് രാജ് നിയമം 156-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന് അനുവദിച്ചിട്ടുള്ള അധികാരങ്ങളുടെയും ചുമതലകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ, പഞ്ചായത്തിലെ ഏത് ഉദ്യോഗസ്ഥനിൽ നിന്നോ ഏത് ഫയലും റിക്കോർഡും ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും പ്രസിഡന്റിന് അധികാരമുണ്ടെന്നും, ഒരു മാധ്യമ ചർച്ചയിൽ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായങ്ങൾ പറഞ്ഞതിന്റെ രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലായെന്നതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ യിലെ 3 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ കൂടി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യ മാക്കുവാൻ നിർവ്വാഹമില്ലെന്നാണ്.


RIGHT TO INFORMAT

4. ശ്രീ.തേമ്പാമൂട് സഹദേവനെതിരെ പഞ്ചായത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് കേൾവിക്കാർക്ക് ബോധ്യമാകുന്ന രീതിയിലുള്ള പദപ്രയോഗങ്ങളാണ് പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ALFAS മീഡിയയിൽ കൂടി നടത്തിയ അഭിപ്രായ പ്രകടനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത്തരം സംഭാക്ഷണങ്ങളുടെ സി.ഡി ഹർജിക്കാരൻ കമ്മീഷനിൽ ഹാജരാക്കിയിട്ടുണ്ട്. ഒരു വ്യക്തി ഒരു മീഡിയയിൽ കൂടി നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾ മറ്റൊരു വ്യക്തിക്ക് മാനഹാനി ഉണ്ടാകുന്ന രീതിയിലാണോ അല്ലയോ എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ അപ്രകാരം മാനഹാനി സംഭവിക്കുവാൻ സാധ്യതയുള്ള അഭിപ്രായങ്ങൾ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിലാണ് പറയുന്നതെന്ന് കേൾക്കുന്നവർക്ക് ബോധ്യമാകുമ്പോൾ അത്തരം രേഖകൾ പഞ്ചായത്തിൽ ഉണ്ടാകുമെന്നുവേണം കരുതാൻ. പ്രസ്തുത രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെടുവാൻ ഏതൊരു പൗരനും അവകാശമുണ്ട്. അതാണ് 30.06.2020 ന് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ യ്ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ ശ്രീ.തേമ്പാമൂട് സഹദേവൻ ആവശ്യപ്പെട്ടിരുന്നത്. അത്തരം യാതൊരു രേഖയുടെയും പിൻബലം ഇല്ലാതെ അടിസ്ഥാന രഹിതമായ ആരോപണമാണ് പ്രസിഡന്റ് ഉന്നയിച്ചിരിക്കുന്നതെങ്കിൽ അത്തരം രേഖകൾ യാതൊന്നും പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ ഇല്ലെന്ന് വ്യക്തമായ മറുപടി എസ്.പി.ഐ.ഒ നൽകേണ്ടതായിരുന്നു. അതിനു പകരം ഒരു മാധ്യമ ചർച്ചയിൽ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായങ്ങൾ പറഞ്ഞതിന്റെ രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലായെന്ന മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയത്. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത് പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായങ്ങൾ പറഞ്ഞതിന്റെ രേഖയല്ല. മറിച്ച് ഹർജിക്കാരന് മാനഹാനി ഉണ്ടാക്കത്തക്ക രീതിയിൽ അഭിപ്രായം പറയുവാൻ അടിസ്ഥാനമാക്കിയ രേഖകളാണ്. അത്തരം രേഖകൾ ഉണ്ടോ ഇല്ലയോ എന്ന് എസ്.പി.ഐ.ഒ വ്യക്തമാക്കേണ്ടതാണ്. അടിസ്ഥാനരഹിതമായിട്ടാണ് അഭിപ്രായങ്ങൾ പറഞ്ഞതെങ്കിൽ വിവരാവകാശ



RIGHT TO INFORMAT

നിയമത്തിൽ കൂടി അല്ലെങ്കിൽ പോലും തനിക്കുണ്ടായ മാനഹാനിക്ക് യുക്തമായ നിയമനടപടി ഹർജിക്കാരന് സ്വീകരിക്കാൻ കഴിയും.

5. വിവരാവകാശ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം പഞ്ചായത്ത് പ്രസിഡന്റിന് പഞ്ചായത്തിലെ ഏത് ഫയലും പരിശോധിക്കുന്നതിന് അധികാരമുണ്ടെന്ന് എസ്.പി.ഐ.ഒ വ്യക്തമാക്കിയിരിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റിന് ഏത് ഫയലും പരിശോധിക്കാനുള്ള അവകാശമുണ്ടായിരിക്കും. എന്നാൽ വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന ഒരു അപേക്ഷയ്ക്ക് വിവരം ശേഖരിച്ച് നൽകുവാനുള്ള നിയമപരമായ ബാധ്യത ടി സ്ഥാപനത്തിലെ എസ്.പി.ഐ.ഒയ്ക്ക് ഉള്ളതാണ്. ടി സ്ഥാപനത്തിലെ ഏത് ഉദ്യോഗസ്ഥന്റെയും സഹായം വിവരാവകാശ നിയമത്തിലെ 5(4) വകുപ്പ് പ്രകാരം എസ്.പി.ഐ.ഒ യ്ക്ക് തേടാവുന്നതാണ്. അപ്രകാരം ആരിൽ നിന്നും സഹായം തേടുന്നുവോ അവർ വിവരാവകാശ നിയമം 5(4) വകുപ്പ് പ്രകാരം കൽപ്പിത എസ്.പി.ഐ.ഒ (deemed to be SPIO) ആയി മാറും. അത്തരം സാഹചര്യങ്ങളിൽ വിവരാവകാശ നിമയപ്രകാരം നൽകുന്ന മറുപടിയുടെ പൂർണ്ണ ഉത്തരവാദിത്വം കൽപ്പിത എസ്.പി.ഐ.ഒ യ്ക്ക് ആയിരിക്കും. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനായി പഞ്ചായത്ത് പ്രസിഡന്റിന് ഫയൽ നൽകുകയാണെങ്കിൽ ടിയാനെയും 5(4) വകുപ്പ് പ്രകാരം കൽപ്പിത വിവരാവകാശ ഉദ്യോഗസ്ഥനായി കണക്കാക്കാവുന്നതാണ്. പഞ്ചായത്ത് പ്രസിഡന്റാണെന്ന് കരുതി നിയമപരമായി ഉത്തരവാദിത്വം ഏൽക്കാതെ വിവരാവകാശ അപേക്ഷകന് തന്റെ ഇഷ്ടപ്രകാരമുള്ള മറുപടി നൽകാമെന്ന ധാരണയൊന്നും ഒരു പ്രസിഡന്റും കൊണ്ടുനടക്കേണ്ടതില്ല.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാണെങ്കിൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്. അപ്രകാരം രേഖകൾ ലഭ്യമല്ലെങ്കിൽ അത് ലഭ്യമല്ലെന്നും,


RIGHT TO INFORMAT

എസ്.പി.ഐ.ഒ അല്ലാതെ മറ്റാരെങ്കിലും ഏതൊക്കെ ഉദ്യോഗസ്ഥർ ടിയാന്റെ ഈ വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുകയോ പരിശോധിക്കുകേയോ ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരവും ഹർജിക്കാരനെ അറിയിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകികൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2021 ജനുവരി മാസം 23–ാം തീയതി തീർപ്പാക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN